

# സ്കൂളുകൾ ഉന്നമിട്ട് കഴുകൻ കണ്ണുകൾ

പ്രസന്ന

സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് സെക്സ് റാക്കറ്റുകൾ സജീവമാകുന്നു. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പ്രമുഖ സ്കൂളുകളിൽ അടുത്തകാലത്തുണ്ടായ ചില സംഭവങ്ങൾ ഈ സംശയം ശരിവയ്ക്കുന്നു.

കൊച്ചിയിലെ ഒരു പ്രമുഖ സ്കൂളിൽ നിന്ന് കുട്ടികളെ കാണാതായതിനെ കുറിച്ച് പി.ടി. എ യോഗത്തിൽ പ്രിൻസിപ്പാൾ എണ്ണിയെണ്ണി പറഞ്ഞപ്പോൾ രക്ഷിതാക്കൾ നടുങ്ങി. പല കാര്യങ്ങൾ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചാണ് കുട്ടികള തട്ടിക്കൊണ്ടുപോകുന്നത്.

അപകടം സംഭവിച്ച് ആശുപത്രിയിലായ അച്ഛൻെറ അടുത്തേക്കെന്നു പറഞ്ഞാണ് ഒൻപതാം ക്ളാസുകാരി ക്ളാസിൽ നിന്നിറങ്ങിയത്. രാവിലെ സ്കൂളിൽ വന്നിറങ്ങിയപ്പോഴാണ് ഗേറ്റിൽ കാത്തുനിന്ന ഒരു ആൻറി ഞെട്ടിക്കുന്ന വാർത്ത കുട്ടിയെ അറിയിച്ചത്. ബാഗ് ക്ളാസിൽ വച്ച് അധ്യാപികയുടെ അനുവാദം വാങ്ങാതെ പെൺകുട്ടി മധ്യവയസ്കയ്ക്കൊപ്പം നടന്നുനീങ്ങിയത് സഹപാഠികൾ കണ്ടുനിന്നു.

സങ്കടവും ഭയവും പരിഭ്രമവും മൂലം പരവശയായ കുട്ടി കടവന്ത്ര മാർക്കറ്റിന് സമീപമെത്തിയപ്പോഴേക്ക് തളർന്നു വീണു. നാട്ടുകാർ ഓടിക്കൂടിയപ്പോൾ ആൻറി സൂത്രത്തിൽ മുങ്ങി. ആളുകൾ കുട്ടിയെ ആശുപത്രിയിലെത്തിച്ചു. സ്കൂൾ അധികൃതർ സ്ഥലത്തെത്തി. വീട്ടുകാരെ വിളിച്ചുവരുത്തി. അപകടാവസ്ഥയിലെന്നു പറഞ്ഞ അച്ഛനെ തൊട്ടുമുന്നിൽ കണ്ടതോടെ കുട്ടി ഉൻമേഷവതിയായി. അപരിചിതയായ ആൻറി ഇപ്പോഴും സ്കൂൾ അധികൃതരുടെ ഉറക്കം കെടുത്തുകയാണ്.

## കൊടുംചതിയൻ മിഠായി

ഈ സംഭവത്തിൻെറ നടുക്കം മാറുംമുൻപാണ് ഇതേ സ്കൂളിലെ ഏഴാം ക്ളാസ് വിദ്യാർഥിയെ കാണാതാകുന്നത്. സ്കൂളിന് തൊട്ടടുത്തുളള സ്റ്റോറിൽ നോട്ട്ബുക്ക് വാങ്ങാനെത്തിയ അവന് ഒരാൾ മിഠായി സമ്മാനിച്ചു. പിന്നീട് എന്തു സംഭവിച്ചുവെന്ന് ആർക്കുമറിയില്ല.



അന്ന് വൈകിട്ട് കുട്ടി വീട്ടിലെത്തിയില്ല. പിറ്റേന്ന് ചെന്നൈ റെയിൽവേ സ്റ്റേഷനിൽ പാതിമയക്കത്തിൽ കുട്ടിയെ കണ്ടെത്തിയതായി പൊലീസ് അറിയിക്കുമ്പോഴാണ് വീട്ടുകാരുടെ ആധിയടങ്ങിയത്.

കോഴിക്കോട് ഒരു പ്രമുഖ സ്കൂളിലെ വിദ്യാർഥിനിയെ കൂട്ടിക്കൊണ്ടുപോകാനായി ബന്ധു വെത്തി. അച്ഛന് അസുഖമാണെന്ന് കേട്ടതോടെ കൂടുതൽ അന്വേഷണത്തിന് മുതിരാതെ അധ്യാപകൻ കുട്ടിയെ അയയ്ക്കാൻ അനുമതി നൽകി. എന്നാൽ വിദ്യാർഥിനി ഇയാൾ ബന്ധുവല്ലെന്നു പറഞ്ഞപ്പോൾ അധ്യാപകൻ വിരണ്ടു. സത്യാവസ്ഥ അറിയുന്നതിനായി കുട്ടിയുടെ വീട്ടിലേക്ക് വിളിച്ചപ്പോൾ ഫോണെടുത്തത് അച്ഛൻ തന്നെ. മാനക്കേട് ഭയന്ന് വീട്ടുകാരും സ്കൂൾ അധികൃതരും പരാതി നൽകാൻ മടിച്ചതിനാൽ കുറ്റവാളി രക്ഷപ്പെട്ടു



## സീരിയൽ മോഹങ്ങൾ: മനോജ് എബ്രഹാം

സ്കൂൾ പരിസരത്ത് സെക്സ് റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന ആരോപണം സിറ്റി പൊലീസ് കമ്മീഷണർ മനോജ് എബ്രഹാം നിഷേധിച്ചു. സ്കൂൾ അധികൃതരുടെ ഭാവനാ സൃഷ്ടി മാത്രമാണ് ഇത്തരം കഥകളെന്ന് അദ്ദേഹം പറയുന്നു. ഇത്തരത്തിലുള്ള ഒരു പരാതി



പോലും ഇതുവരെ പൊലീസിന് ലഭിച്ചിട്ടില്ല. മക്കളെ കാണാതായാൽ ഏതെങ്കിലും രക്ഷിതാക്കൾ പരാതിപ്പെടാതിരിക്കുമോ. കുട്ടികളെ ഭിക്ഷാടനത്തിനായ തട്ടിയെടുക്കുന്ന സംഘങ്ങളും ഇപ്പോഴില്ല. മാറിയ ജീവിത ശൈലിയും സിനിമാ സീരിയൽ മോഹങ്ങളുമാണ് പലപ്പോഴും കുട്ടികളുടെ തിരോധാനത്തിനു പിന്നിൽ. മാനക്കേട് ഭയന്നാണ് പലപ്പോഴും ഇത്തരം സംഭവങ്ങളിൽ പരാതികൾ ഉണ്ടാകാതെ പോകുന്നത്. ഏതെങ്കിലും പരാതി കിട്ടിയാൽ പൊലീസ് ഉടൻ അന്വേഷിച്ച് നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ടൂറിസ്റ്റുകൾ കൊടുത്ത മൊബൈൽ ഫോൺ



തിരുവനന്തപുരത്തെ ഒരു പ്രമുഖ സ്കൂളിലെ വിദ്യാർഥി പുതിയ മൊബൈൽ ഫോണുകളുമായി വന്നുതുടങ്ങിയപ്പോഴാണ് അധ്യാപകർ അവനെ നോട്ടപ്പുള്ളിയാക്കിയത്. കോവളം ബീച്ചിലെത്തുന്ന ടൂറിസ്റ്റുകളെ സന്തോഷിപ്പിച്ചതിനുള്ള ഉപഹാരമായാണ് അവന് അത്യന്താധുനിക ഫോണുകൾ ലഭിച്ചിരുന്നത്.

തൃശൂരിൽ 9,10 ക്ളാസുകളിലെ വിദ്യാർഥികളെ മയക്കുമരുന്ന് നൽകി നീലചിത്രനിർമ്മാണ സംഘം വലയിലാക്കിയതു ഈ അടുത്താണ്. വിദ്യാർഥികളെ ഉപയോഗിച്ച് കൊച്ചി, കൊടുങ്ങല്ലൂർ, ചാവക്കാട് എന്നിവിടങ്ങളിൽ മയക്കുമരുന്ന് വിതരണം ചെയ്യുന്നതായി മട്ടാഞ്ചേരിയിലെ ഫ്രണ്ട്സ് ഓഫ് അർബൻ പുവർ എന്ന സംഘടന കണ്ടെത്തിയിട്ടുണ്ട്.

## ദുരൂഹത നിങ്ങാതെ റിയാനയുടെ തിരോധാനം

കാസർകോട് ചെങ്കളയിൽ നിന്ന് കാണാതായ റിയാന എന്ന 14 കാരിയെ എട്ടു മാസങ്ങൾക്ക് ശേഷം കൊല്ലം ജില്ലയിലെ പത്തനാപുരത്തുള്ള ഗാന്ധി ഭവനിൽ നിന്നു കണ്ടുകിട്ടിയെങ്കിലും തിരോധാനത്തിന് പിന്നിലെ ദുരൂഹത ഇപ്പോൾ തുടരുകയാണ്.

റിയാനയെ അന്വേഷിച്ച് മംഗലാപുരത്തേക്ക് പോയ പൊലീസിന് സെക്സ് റാക്കറ്റിൻെറ പിടിയിൽ നിന്ന് ഒരു പെൺകുട്ടിയെ രക്ഷിക്കാനായി.

രണ്ടാനച്ഛൻെറ പീഡനം സഹിക്കവെയ്യാതെ വീട്ടിൽ നിന്നിറങ്ങിയ കുട്ടി സെക്സ് റാക്കറ്റിൻെറ വലയിൽപെടുകയായിരുന്നു.



## ആൺകുട്ടികൾക്കും രക്ഷയില്ല

ആൺകുട്ടികളെ തട്ടിയെടുത്ത് സ്വവർഗരതിക്കുപയോഗിക്കുന്ന സംഘങ്ങൾ മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സജീവമാണ്. നീലചിത്രങ്ങളും ലഹരിവസ്തുക്കളും നൽകിയാണ് ഇവർ കുട്ടികളെ വലയിലാക്കുന്നത്.



സ്കൂൾ ഗേറ്റിനു മുന്നിലും, പരിസരങ്ങളിലും, എന്നുവേണ്ട വാഹനങ്ങളിൽ, എല്ലായിടത്തും തട്ടിപ്പുസംഘങ്ങൾ കറങ്ങിനടക്കുകയാണ്. ഏതു നിമിഷവും തട്ടിയെടുക്കപ്പെടാവുന്നതാണ് കുട്ടികളുടെ ജീവിതം. അഞ്ചു വർഷം കൊണ്ട് 5000 കുട്ടികളെയാണ് കാണാതായത്. 2004 ൽ 413, 2005 ൽ 707, 2006 ൽ 1047, 2008 ൽ 1206 എന്നിങ്ങനെയാണ് കാണാതായ കുട്ടികളുടെ കണക്ക്.

ഒറ്റപ്പെടുന്ന കുട്ടികളെ പാട്ടിലാക്കുന്നതിനായി സെക്സ് റാക്കറ്റുകൾക്ക് സ്കൂൾ പരിസരങ്ങളിൽ നിരവധി കണ്ണികളുണ്ട്. സ്നേഹം നടിച്ച് അവർ കുട്ടികളെ വശത്താക്കും. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിലും കുട്ടികളെ തട്ടികൊണ്ടുപോകുന്ന റാക്കറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നില്ലെന്നാണ് പൊലീസിൻെറ ഭാഷ്യം.